(ബി) ഇല്ലെങ്കിൽ അതു പണിയാതിരിക്കുവാനുള്ള പ്രത്യേക കാരണങ്ങൾ എന്തെല്ലാം;

(സി) ആ സ്ഥലം അകപ്പയർ ചെയ്യുന്നതിനു് എത്ര സംഖ്യ ചിലവായിട്ടുണ്ടു്;

(ഡി) ഈ ലാറ്ററിൻ പണികഴിയ്ക്കുന്നതിനെ സംബന്ധിച്ചു് സ്ഥലം പഞ്ചായത്തിന്റെ അഭിപ്രായമെന്തു്;

(ഇ) ഇതു പണിയിക്കരുതെന്നു ആക്ഷേപം ആരുടേതായിരുന്നു;

(എഫ്) ഈ ലാറ്ററിൻ പണിയിക്കുന്നതിൽ ആക്ഷേപിച്ചു കത്തുകൾ വേണ്ടി മന്ത്രിയവർകളുടെ മുമ്പാകെ ഹാജരായ വക്കീൽ ആരാണു്;

(ജി) എന്നാണു് അകപ്പിസിഷൻ നടത്തിയതു്;

(എച്ച്) ഈ ലാറ്ററിൻ പണിക്കുവേണ്ടി നിർദ്ദേശിച്ചിരുന്ന സംഖ്യ ഏതിനു വിനിയോഗിച്ചു?

ഡോക്ടർ എ. ആർ. മേനോൻ :

(എ) സ്ഥലം അകപ്പയർ ചെയ്തിട്ടില്ല.

(ബി) നാട്ടുകാരുടെ ആക്ഷേപം കാരണം.

(സി) (എ) ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(ഡി) സ്ഥലം പഞ്ചായത്തു് യാതൊരഭിപ്രായവും പറഞ്ഞിട്ടില്ല.

(ഇ) നാട്ടുകാരുടെ.

(എഫ്) ഒരു വക്കീലും ഹാജരായില്ല.

(ജി) (എ) ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(എച്ച്) കുത്താമ്പിള്ളി പുഴക്കടവിന്റെ മതിൽ ഉയർത്തുവാനും കുത്താമ്പിള്ളിയിലുള്ള വഴികൂടി നന്നാക്കുവാനും.

PANCHAYAT ROADS—ALLOTMENT FOR MAINTENANCE—DISTRIBUTION OF

338. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ.—

(എ) ഓരോ പഞ്ചായത്തിലേക്കു് ഫിനാൻസ് കമ്മീഷൻ വഴി വ്യത്യസ്ത പഞ്ചായത്തുകളിലേക്കു് ഫണ്ടുകൾ കമ്മീഷൻ ബഡ്ജറിൽ നീക്കിവെച്ചിട്ടുള്ളതു് അതാതു പഞ്ചായത്തിലേക്കു ജനങ്ങൾക്കാവശ്യമായതും എന്നാൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ പഞ്ചായത്തുവഴികൾ നന്നാക്കിക്കുന്നതിനു വേണ്ടിയല്ലേ;

(ബി) ഈ വ്യവസ്ഥ പഞ്ചായത്തിലേക്കും ഫിനാൻസ് കമ്മീഷൻ തന്നെയാണോ അനുവദിച്ചു കൊടുത്തിരിക്കുന്നതു്;

(സി) ഏതെങ്കിലും പഞ്ചായത്തിലേക്കു കൊടുക്കാത്തതുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തിലേക്കാണു് കൊടുക്കാത്തതു്;

(ഡി) ഈ സംഖ്യയിൽ നിന്നു ഏതെങ്കിലും പുതിയ വഴിവെട്ടിക്കുന്നതിനു് വല്ല സംഖ്യയും എടുക്കുവാനുദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു് ഏതു പഞ്ചായത്തിലെ ഏതു പുതിയ വഴി ഉണ്ടാക്കുന്നതിനു്?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ :

(എ) ബഡ്ജറ്റിൽ ചേർത്തിട്ടില്ലാത്തതോ എന്നാൽ അത്യാവശ്യമായി നടത്തിക്കേണ്ടതാണെന്നു പഞ്ചായത്തിലേക്ക് അഭിപ്രായമുള്ളതോ ആയ ഏതെങ്കിലും പണിയോ പണികളോ നടത്തിക്കുന്നതിനാണ് ഈ സംഖ്യകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്.

(ബി) ഓരോന്നും.

(സി) ഇല്ല.

(ഡി) എല്ലാ പഞ്ചായത്തുകളിൽ നിന്നും ചെയ്യേണ്ട പണികളുടെ വിവരം കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതിനാൽ കൃത്യമായ ഉത്തരം പറവാൻ നിവൃത്തിയില്ല.

(ഇ) (ഡി) സബ്ഡിവിഷൻ അനുസരിച്ചു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ഉരുപ്പിക നീക്കി വെച്ചിട്ടുള്ളതു് വഴികൂടി നന്നാക്കേണ്ട ആവശ്യത്തിനല്ലെ?

ഡോക്ടർ എ. ആർ. മേനോൻ : അല്ല; പഞ്ചായത്തുകളുടെ ഇഷ്ടംപോലെ ചെയ്യുവാനാണു വെച്ചിരിക്കുന്നതു്. Subject to sanction. But sanction is invariably given.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിൽ നിന്നു പുതിയ പണികൾക്കു കൂടി സംഖ്യ എടുക്കുന്നുണ്ടെന്നു പറഞ്ഞിട്ടുള്ളതു് പഞ്ചായത്തിന്റെ ശുപാർശയനുസരിച്ചോ ഗവ.മെന്റിന്റെ ഇഷ്ടം പോലെയോ?

ഡോക്ടർ എ. ആർ. മേനോൻ : ഞാൻ വന്നതിനു ശേഷം പഞ്ചായത്തിന്റെ ഇഷ്ടംപോലെയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിൽനിന്നു വഴികൂടി നന്നാക്കുന്നതിനും മറ്റും പഞ്ചായത്തിനു ഇഷ്ടമുണ്ടെങ്കിൽ ഏതിനത്തിലേക്കും എടുക്കാമോ?

ഡോക്ടർ എ. ആർ. മേനോൻ : എന്തിനു വേണമെങ്കിലും എടുക്കാം. പക്ഷേ അതിനു ഡിപ്പാർട്ടുമെന്റിന്റെ അനുവാദം വാങ്ങിക്കണമെന്നേയുള്ളു. പഞ്ചായത്തിൽ നിന്നു് എന്തിനു ആവശ്യപ്പെട്ടാലും അതു അനുവദിച്ചുകൊടുക്കും. ഒന്നും തള്ളിക്കളകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : പഞ്ചായത്തിൽ നിന്നു് ഇന്നാവശ്യത്തിനു കുറെ പണം ചിലവു ചെയ്യണമെന്നു ഒരു റസല്യൂഷൻ പാസ്സാക്കി അയച്ചാൽ മതിയോ?

ഡോക്ടർ എ. ആർ. മേനോൻ : മതി, അതിനു സാംഗ്ഷൻ കൊടുക്കും.

BENCH COURTS—CONSTITUTION, POWERS AND WORKING OF

339. Mr. C. R. Iyyunni *(Trichur-South):* Will the Government be pleased to state.—

(*a*) when the Bench Courts were constituted in the State;

(*b*) how many such courts are there now;

(*c*) what are the powers granted to them when they were constituted;

LIBRARY ARCHIVES Kerala Legislative Assembly